അമ്പലപ്പുഴ പഞ്ചായത്തിൽ ബസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്പെഷ്യൽ ഗ്രാന്റ്

767. [1259] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ പഞ്ചായത്തിൽ ബസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങാൻ പുന്നപ്ര, അമ്പലപ്പുഴ, പുറക്കാട്, തകഴി എന്നീ പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു തുക അനുവദിച്ചു ;

(സി) കൂടുതൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

"അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ടെലിവിഷൻ"

768. [1260] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര, അമ്പലപ്പുഴ, പുറക്കാട്, തകഴി, നെടുമുടി, കൈനകരി എന്നീ പഞ്ചായത്തുകളിൽ ടെലിവിഷൻ സെറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കർഷക തൊഴിലാളികളും പട്ടികജാതിക്കാരും മൽസ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശങ്ങളിൽ അടിയന്തിരമായി ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഓരോ പഞ്ചായത്തിലും ഓരോ കെൽട്രോൺ ടി. വി. വാങ്ങി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(സി) അതാതു പഞ്ചായത്തുകളിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(iv) 31-10-1986-ലേക്ക് ഉത്തരം പറയുന്നതിനു വേണ്ടി നിശ്ചയിച്ചിരുന്ന ചോദ്യോത്തരങ്ങൾ *

പുതുതായി ഫ്ലർപ്പെടുത്താൻ ഉദ്ദേശിക്കുന്ന തൊഴിലാളിക്ഷേമനിധി

769. [168] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, കെ. മുസ്സക്കുട്ടി :
,, ടി. കെ. ഹംസ :

* 31-10-1986-ൽ നിയമസഭ സമ്മേളിക്കാതിരുന്നതുകൊണ്ട് പ്രസ്തുത ദിവസത്തെ ചോദ്യോത്തരങ്ങൾ അൺസ്റ്റാർഡായിട്ട് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ രവി :

,, കെ. കെ. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധി പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ബി) എങ്കിൽ അതിനുള്ള നടപടി എന്നത്തേക്കു പൂർത്തീകരിക്കും ;

(സി) അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ആവിഷ്കരിച്ചു നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ;

(ഇ) എന്നുമുതൽ ഈ പദ്ധതി നടപ്പിൽ വരും ?

ഉത്തരം

(എ) അലക്ക്, തയ്യൽ, ബാർബർ, മരപ്പണി, മരംകയറ്റം, ഇരുമ്പുപണി, സ്വർണ്ണപ്പണി മറ്റു വിദഗ്ദ്ധ തൊഴിലുകൾ ചെയ്യുന്നവർ എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമപദ്ധതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കർഷക തൊഴിലാളികൾക്കും ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) അലക്ക്, തയ്യൽ, ബാർബർ, മരപ്പണി, മരംകയറ്റം, ഇരുമ്പുപണി, സ്വർണ്ണപ്പണി മറ്റു വിദഗ്ദ്ധ തൊഴിലുകൾ ചെയ്യുന്നവർ എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി 1-11-1986 മുതൽ നടപ്പിൽ വരും. കർഷകത്തൊഴിലാളി ക്ഷേമനിധി എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

(സി, ഡി, ഇ) ചോദ്യം (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. ക്ക് അനുവദിച്ച സാമ്പത്തിക സഹായം

770. [169] ശ്രീ. നാലകത്ത് സൂപ്പി :

,, പി. എം. അബുബക്കർ :

,, കെ. പി. രാമൻ :

,, എ. വി. അബ്ദുൽ റഹിമാൻ ഹാജി :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. ക്ക് ഗവൺമെന്റ് എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചു ;

(ബി) ഏതെല്ലാം ഇനങ്ങളിലാണ് സഹായം അനുവദിച്ചത് ;

(സി) അനുവദിച്ച സംഖ്യ കോർപ്പറേഷൻ ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചത് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. ക്ക് 33.44 കോടി രൂപയുടെ സഹായം അനുവദിച്ചു.

(ബി) സർക്കാർ മൂലധന നിക്ഷേപമായി 1344 ലക്ഷം രൂപയും കടമായി 2000 (രണ്ടായിരം) ലക്ഷം രൂപയും അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly